

# ചാവറനാദം

മാന്നാനം വി. ചാവറ തീർത്ഥാടന കേന്ദ്രത്തിന്റെ മുഖപത്രം

Volume. 3

February 2020

## നല്ല ക്രിസ്ത്യാനികുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു. (ചാവരുൾ)



ഭൂമിയിലെ എല്ലാ നന്മകളുടെയും ആരംഭമായ കുടുംബത്തെ സ്വർഗ്ഗത്തോളം ഉയർത്തിയതാണ് ചാവറ ദർശനങ്ങളിലെ വലിയ പ്രത്യേകത. മാനവരക്ഷയ്ക്കായി നിയോഗമെടുത്ത തമ്പുരാനും തിരഞ്ഞെടുത്തത് ഒരു മനോഹരകുടുംബമായിരുന്നുവല്ലോ. കുഞ്ഞുനാളിലെ തന്റെ വീടിന്റെ നന്മ നിറഞ്ഞ ഓർമ്മകളാവണം ചാവറപിതാവ് കുടുംബത്തെ സ്വർഗ്ഗത്തോട് ഉപമിക്കുവാനുള്ള കാരണമായത്. കൈയോ കാലോ വളർന്നോ എന്ന് മാത്രമല്ല കയ്യും, കാലും തന്നവനിലേക്ക് കൂടി തങ്ങളുടെ കുഞ്ഞ് വളരുന്നുവോ എന്ന് മാതാപിതാക്കൾ ശ്രദ്ധിച്ചിരുന്നു എന്ന ഓർമ്മ ചാവറപിതാവിന്റെ കുടുംബദർശനങ്ങളെ ഏറെ സ്വാധീനിച്ചിട്ടുണ്ടാവണം. ബേസ്റൗമായിൽ, ഉയർന്ന ഭവനത്തിൽ വീട് കെട്ടിയ ചാവറപുണ്യവാന് സകല നന്മകളുടെയും മാനദണ്ഡം സ്വർഗ്ഗമായിരുന്നു. പരിശുദ്ധ ത്രിത്വം ചാവറയച്ചന് തിത്വകുടുംബമായിരുന്നു. വിശുദ്ധർ സ്വർഗ്ഗത്തിൽ മക്കളായിരുന്നു. ഇങ്ങനെയുള്ള സ്വർഗ്ഗത്തിന്റെ അനുഗ്രഹം ക്രിസ്തീയ കുടുംബത്തിലും ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. നരകം, എന്നത് സകല ക്രമക്കേടുകളും, പരാതിയും, മാത്സര്യവുമുള്ള ഇടമായി കരുതപ്പെടുമ്പോൾ ചുറ്റുമുള്ള വാർത്തകളിൽ നിന്ന് ഇന്ന് ധാരാളം ഭവനങ്ങൾ നരകസമാനമായി മാറുന്നോ എന്ന് സംശയിക്കപ്പെടേണ്ടിയിരിക്കുന്നു. കൂരിരുട്ടിൽ ഒരു വിളക്ക് കത്തിച്ചുവയ്ക്കുമ്പോൾ അവിടം പ്രകാശസമാനമാകുന്നതുപോലെ നരകതുല്യമായ ഭവനങ്ങളെ സ്വർഗ്ഗസമാനമാക്കുവാൻ, ചാവറതാതൻ നമുക്ക് കാണിച്ചുതരുന്ന ഒറ്റമൂലി ക്രിസ്തുവെന്ന വെട്ടത്തെ കത്തിച്ചുവയ്ക്കുക എന്നതാണ്. ചാവരുളിൽ നാം ഇങ്ങനെ വായിക്കുന്നു. 'വൈകിട്ട് കുരിശുമണിയടിക്കുനോൾ മക്കളെലെല്ലാവരും വീട്ടിലുണ്ടായിരിക്കുവാനും നമസ്ക്കാരം കഴിഞ്ഞാലുടൻ അവർ സ്തുതിചൊല്ലി അപ്പന്റെയും അമ്മയുടെയും കൈമുത്തുവാനും അവരെ ശീലിപ്പിക്കണം'. ബൈബിൾ കോർത്ത ചരടായ ജപമാല മുറുകെപിടിച്ച് സ്വർഗ്ഗീയ മാലാഖമാരോടും പരിശുദ്ധ അമ്മയോടും ചേർന്ന് എന്നും പരിശുദ്ധ ത്രിത്വത്തോട് പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗത്തിന്റെ സമാധാനവും സ്നേഹവും നമ്മുടെ ഭനവനങ്ങളിൽപൊട്ടിവിടരും. ഒരുമിച്ച് പ്രാർത്ഥിക്കുന്ന ഭവനം ഒരിക്കലും നശിച്ചുപോവുകയില്ല എന്ന ആപ്തവചനം ഇതിനോട് കൂട്ടിച്ചേർത്ത് വായിക്കാം നമ്മുടെ കുടുംബങ്ങളെ സ്വർഗ്ഗതുല്യമാക്കാൻ ചാവറതാതന്റെ മാദ്ധ്യസ്ഥം നമുക്ക് പ്രത്യേകം തേടാം.

*ഫാ. പോൾ വടക്കുംമുറി*
*സി.എം.ഐ.*

# പുണ്യപ്രതിഭ ചാവറയച്ചൻ



*സി. മേബിൾ സി.എം.സി.*

സംഘട്ടനങ്ങളും സമരങ്ങളും വെല്ലുവിളികളും നിറഞ്ഞ ഈ കാലഘട്ടത്തിൽ ആത്മീയ ജീവിതപോരാട്ടം ഇന്നും മനുഷ്യവ്യക്തികളിൽ തുടരുന്നു. ഈ ആത്മീയസമരങ്ങൾക്കിടയിലും ബന്ധങ്ങളിൽ വന്ന വിടവുകൾക്ക് ..വീഴ്ചകൾക്ക്...പൊറുതി ലഭിക്കുവാൻ... പ്രാർത്ഥനയ്ക്കായ് കൈകൂപ്പുന്ന നിരവധി മക്കളുടെ പ്രവാഹമാണ് മാന്നാനം കുന്നിലേക്ക്. പ്രവാചകദൗത്യത്തിന്റെ ഉന്നതമായ ദർശനങ്ങളോടെ ചാവറപിതാവ് തുടക്കം കുറിച്ച മാന്നാനം ആശ്രമം. മൗനത്തിന്റെയും പ്രാർത്ഥനയുടെയും മന്ത്രധ്വനികളോടെ ആത്മീയസാന്നിദ്ധ്യസുഖം അകക്കാമ്പിലേക്ക് ഉൾക്കൊള്ളുവാൻ ഈശ്വരസാന്നിദ്ധ്യമായി നിലകൊള്ളുന്ന വിശുദ്ധ ദേവാലയം. അനേകർക്ക് സുകൃത സുഗന്ധംതൂകി വിരാജിക്കുന്ന ചാവറയച്ചന്റെ വിശുദ്ധ കബറിടം. വിശുദ്ധ ചാവറപിതാവിന്റെ പാദസ്പർശമേറ്റ പുണ്യസ്ഥലം. എത്രനേരമിരുന്ന് പ്രാർത്ഥിച്ചാലും മതിവരാത്ത കബറിട സാന്നിദ്ധ്യം. അനേകായിരങ്ങളുടെ പ്രാർത്ഥനാശ്രുക്കൾ വീണ ധന്യമായ ഇടം. എല്ലാ നന്മകളെയും കുറവുകളെയും സ്വീകരിച്ച് പരിശുദ്ധമാക്കുന്ന ഗേഹം. വിവിധ ജാതിമതവിഭാഗങ്ങൾ അവരുടെ ഭൗതികവും ആത്മീയവുമായ അപേക്ഷകളുമായി കടന്നുവന്ന് പ്രാർത്ഥിക്കുമ്പോൾ ചാവറയച്ചനയല്ലേ നാം സ്മരിക്കുക, ആ വിശുദ്ധന്റെ വിശുദ്ധിയുടെ പരിമളമല്ലേ നാം ശ്വസിക്കുക, സ്നേഹത്തിന്റെയും മനുഷ്യത്വത്തിന്റെയും ദൗത്യവുമായി ഇന്ന് പടർന്ന് പന്തലിച്ചിരിക്കുന്ന സി.എം.ഐ., സി.എം.സി. സന്യാസസഭകളുടെ സ്ഥാപകനായ വിശുദ്ധ ചാവറയച്ചന്റെ ആത്മീയദർശനവും വ്യതിരിക്തമായ വീക്ഷണത്തോടെയുള്ള ദൗത്യനിർവഹണവുമല്ലേ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുക. പ്രഗത്ഭവാഗ്മിയും സാഹിത്യകാരനുമായ ഡോ. സുകുമാർ അഴീക്കോട് വി. ചാവറയച്ചനെ അനുസ്മരിക്കുന്നത് ഇപ്രകാരമാണ്. 'വാക്ക്, മനസ്സ്, പ്രവൃത്തി എന്നി ത്രിവിധ ഉപകരണങ്ങൾകൊണ്ട് അദ്ദേഹം ദൈവത്തെ സ്നേഹിച്ചു; മനുഷ്യരെ സേവിച്ചു. താനിരിക്കുന്ന ഇരുട്ട് നിറഞ്ഞ ലോകത്തിൽ പ്രഭാപൂർണ്ണമായ ഒരു ജീവിതം നയിച്ചു. സ്വന്തം കുടുംബത്തെ വിശ്വകുടുംബത്തിൽ ലയിപ്പിച്ച് പ്രവർത്തിക്കുവാൻ വ്രതമെടുത്തവരാണ് സന്യാസികൾ അങ്ങനെ അവർ ദൈവത്തിന്റെ വിരലുകളായി മാറി മാനവസേവയെ ജീവിതനിഷ്ഠയാക്കി മാറ്റുന്നു'.

വിശുദ്ധ ചാവറയച്ചന്റെ കർമ്മനിരതമായ ജീവിതം ലോകം മുഴുവനിലുമുള്ള മക്കൾക്ക് സമസ്തനന്മകൾക്കുമായി ഉഴിഞ്ഞുവയ്ക്കുന്നതായിരുന്നു. കർമ്മധീരതയുടെ ദിവ്യതേജസ്സായി വിശുദ്ധൻ ഇന്നും ജനമനസ്സുകളിൽ നിറഞ്ഞിരിക്കുന്നു. വിശുദ്ധമായവ വിശുദ്ധിയോടെ ചെയ്യുന്നവർ വിശുദ്ധരാകും (ജ്ഞാനം). വിശുദ്ധമായ ദർശനമായിരുന്നു ചാവറയച്ചന്റേത്. 'മലയാളത്തിൽ പട്ടക്കാർക്കുപോലും ഒരു തപസ്സുഭവനമില്ലായ്കയിൽ ഏറിയ നന്മകൾക്ക് വീഴ്ചയായിരിക്കകൊണ്ട് പലപ്രകാരത്തിലും പട്ടക്കാർക്കെങ്കിലും ഒരു ദർശനവീടുണ്ടാകണമെന്നുള്ള ആഗ്രഹത്താൽ......'എന്നാണ് വി. ചാവറപിതാവ് പറഞ്ഞിട്ടുള്ളത്. തീക്ഷണമായ സ്വയവിശുദ്ധീകരണത്തിന്റെ പാത ജീവിതവ്രതമാക്കുന്നതിനുവേണ്ടിയുള്ള തപസ്സുഭവനമായിരുന്നു വിഭാവനം ചെയ്തത്. 1831 ൽ ആരംഭിച്ച് 1855 ൽ ചാവറയച്ചന്റെ നേതൃത്വത്തിൽ അംഗങ്ങൾ വ്രതം ചെയ്ത് ഒരു സന്യാസസമൂഹം പുരുഷന്മാർക്കായി സ്ഥാപിതമായി എങ്കിലും സ്ത്രീകൾക്കുവേണ്ടി ഒരു സന്യാസിനി സഭ എന്ന ചാവറയച്ചന്റെ ചിരകാലസ്വപ്നം നിറവേറാതെ കിടന്നിരുന്നു. 'ഈ മലയാളത്തിലെ പെൺപൈതങ്ങൾക്ക് ആത്മീയകാര്യങ്ങൾ പകർന്നുനൽകുന്നതും നല്ല ക്രിസ്ത്യാനി പൈതങ്ങളായി വളർന്നുവരുവാൻ അവരെ സഹായിക്കുന്നതുമായ ഒരു പുണ്യസങ്കേതം ഇവിടെ ഉണ്ടാകണമെന്ന് അദ്ദേഹം അതിയായി ആഗ്രഹിച്ചു. ചാവറയച്ചന്റെ ചിരകാലാഭിലാഷമായിരുന്ന കന്യകാമഠം കൂനമ്മാവിൽ 1866 ഫെബ്രുവരി 13 ന് സ്ഥാപിതമായി. കേവലം ഒരു പനമ്പുമഠത്തിൽ ആരംഭിച്ച ആദ്യകന്യകാസമൂഹത്തിന്റെ ജീവിതം ക്ലേശപൂർണ്ണമായിരുന്നു. ഇവിടെ പ്രതികൂലാവസ്ഥകളെ നേരിടുന്നതിന് പര്യാപ്തമായ ഉപദേശങ്ങളും ആത്മീയ ഉൾക്കരുത്തും ചാവറയച്ചൻ പ്രാർത്ഥനയിലൂടെ പകർന്നുനല്കി. സന്യാസംകൊണ്ട് സ്വന്തം ജീവിതത്തെ വിശുദ്ധീകരിച്ചിട്ട് കുടെപ്പിറപ്പുകളെയും ഉയരത്തിലേക്ക്, വിശുദ്ധിയിലേക്ക് നയിക്കുവാൻ ചാവറയച്ചൻ യത്നിച്ചു. മാനവികതയുടെ ആൾരൂപമായിരുന്നു ചാവറയച്ചൻ. നിരക്ഷർക്ക് വിദ്യപകർന്നതും സാധുജനങ്ങളെ സംരക്ഷിക്കുന്നതിന് കൈനകരിയിൽ ഉപവിശാലപണിതതുമെല്ലാം ഇതിന് ദൃഷ്ടാന്തമാണ്.

കാലഘട്ടത്തിന്റെ വെല്ലുവിളികളെ ഏറ്റെടുത്തുകൊണ്ട് കുട്ടനാട്ടിന്റെ തോടുകളിലൂടെ വള്ളത്തിൽ യാത്രചെയ്തും കാൽനടയായ് സഞ്ചരിച്ചും എവിടെയും എല്ലാവർക്കും തന്റെ സാന്നിദ്ധ്യവും ആത്മീയ ഉണർവ്വുമേകി സമർപ്പിതമായ മേഖലകളിലൂടെയും ചിന്തകളിലൂടെയും തന്റെ ദൗത്യം നിർവഹിച്ചു. ദിവ്യകാരുണ്യവും പ്രാർത്ഥനാജീവിതവും ശ്രേഷ്ഠമായികണ്ട് ജീവിതനവീകരണത്തിലൂടെ അനേകർക്ക് സന്മാർഗ്ഗമോതി. ദിവ്യകാരുണ്യനാഥന്റെ മുമ്പിൽ നീണ്ട മണിക്കൂർ ധ്യാനനിർലീനതയിൽ കഴിഞ്ഞ ഈ പുണ്യാത്മാവിന്റെ കർമ്മവഴികൾക്ക് ഓജസ്സും തേജസ്സും പകർന്നത് മറ്റൊന്നുമല്ലായിരുന്നു. പ്രാർത്ഥന...ദിവ്യകാരുണ്യം....

വിദ്യാഭ്യാസം ഏറ്റവും കൂടുതൽ അനിവാര്യമായ ഒരു കാലഘട്ടത്തിലായിരുന്നു സി.എം.ഐ.സഭ ജന്മംകൊണ്ടത്. വിദ്യാഭ്യാസത്തിന്റെ ആത്മാവ്, ആത്മാവിന്റെ വിദ്യാഭ്യാസമാണെന്ന് ടാഗോർ കോറിയിട്ടത് പ്രവൃത്തിപഥത്തിൽ നിവൃത്തിദമാക്കിയത് ചാവറയച്ചനാണ്. നമ്മെ അക്ഷരലോകത്തിലേക്ക് ഉയർത്തുവാൻ നല്ല ആദ്ധ്യാത്മികപുസ്തകങ്ങളും പ്രാർത്ഥനകളും തന്റെ വിരൽ തുമ്പിൽതന്നെ വിരചിതമായി. വിദ്യകൊണ്ട് പ്രബുദ്ധരായാലേ ക്രിയാത്മകവും പുരോഗമനാത്മകവുമായ മാറ്റങ്ങൾ സംഭവിക്കു എന്ന് ചാവറയച്ചൻ തിരിച്ചറിഞ്ഞിരുന്നു. പള്ളിക്കൊരു പള്ളിക്കൂടം എന്ന ചാവറപിതാവിന്റെ ഉറച്ചപ്രഖ്യാപനത്തിലൂടെ വിദ്യാഭ്യാസത്തിന് സമഗ്രതകൊണ്ടുവരുവാൻ ഇന്ന് സഭയ്ക്ക് സാധിച്ചു. പെൺകുട്ടികൾക്ക് താമസിക്കുന്നതിന് എദുക്കന്താത്ത് (ബോർഡിങ്ങ്) തുടങ്ങി, വീടുകയറിയിറങ്ങി മാതാപിതാക്കളെ ബോധവത്ക്കരിച്ച് കുട്ടികളെ സ്കൂളിലേക്ക് എത്തിക്കുന്നതിനും, സിസ്റ്റേഴ്സിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനും ചാവറയച്ചൻ ശ്രദ്ധിച്ചിരുന്നു. പങ്കുവയ്ക്കലിന്റെ മാതൃകയേകിയവനാണ് ചാവറയച്ചൻ. തന്റെ കഴിവ്, സമയം, ജ്ഞാനം, ഭൗതികവസ്തുക്കൾ എല്ലാം മറ്റുള്ളവർക്കായി പങ്കുവയ്ക്കുവാൻ ചാവറപിതാവ് പഠിപ്പിച്ചു. നല്ല മാമ്പഴം, വിത്തുകൾ, പുസ്തകങ്ങൾ ഇവ എവിടെ നിന്നെങ്കിലും കിട്ടിയാൽ തന്റെ കൂടെപ്പിറപ്പിനും കൊടുക്കുവാൻ തിടുക്കം കാട്ടിയവനും അപ്രകാരം മറ്റുള്ളവർക്കും കൊടുക്കുവാൻ പഠിപ്പിച്ചവനുമായ ചാവറപിതാവിനെ കൂനമ്മാവ് നാളാഗമം വായിക്കുമ്പോൾ കണ്ടെത്താനാവും. ഭൗതികവസ്തുക്കൾക്കപ്പുറം തന്റെ ആത്മീയ വിജ്ഞാനവും ജീവിതവും പകർന്നേകാൻ മടികാട്ടിയില്ല ചാവറപിതാവ്. ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്ന ഒരു നല്ല പിതാവ്. 'ശ്വാസവുമെനിക്ക് നീ, യാവന പാനം നീയെ' എന്നിങ്ങനെ ഉദ്ധരിച്ചുകൊണ്ട് ദൈവത്തെ, പരിശുദ്ധ ത്രിത്വത്തെ ശ്വാസം, ഭക്ഷണം, പാനീയം എന്നീ പ്രതീകങ്ങളിലൂടെ ദർശിക്കുന്ന ധ്യാനയോഗിയായിരുന്നു ചാവറയച്ചൻ. ഈശ്വരനെ ലോകത്തിന്റെ കണ്ണിലൂടെ കാണുന്നതിനുപകരം ഈശ്വരന്റെ കണ്ണിലൂടെ കാണാൻ പഠിപ്പിക്കുന്ന ശ്രേഷ്ഠതയാണ് ചാവറയച്ചൻ പകർന്നു നല്കിയത്. കർമ്മധീരതയുടെ ഈ പുണ്യതേജസ്സ് എന്നും നമ്മുടെ മനോമുകുരത്തിൽ വിളങ്ങട്ടെ. പണ്ഡിതനായ എ. ശ്രീധരമേനോൻ ഈ പുണ്യപ്രതിഭയെക്കുറിച്ച് സംശയലേശമെന്യേ പറഞ്ഞുവയ്ക്കുന്നത് ഇപ്രകാരമാണ്. 'ചവറയച്ചന്റെ സന്ദേശവും ജീവിതവും നേട്ടങ്ങളും കത്തോലിക്കാസമുദായത്തിന് മാത്രമുള്ളതല്ല മറിച്ച് എല്ലാ സമുദായങ്ങൾക്കും എല്ലാക്കാലത്തും അവ പ്രസക്തമാണ്. കാലത്തിനുമുമ്പേ നടന്ന മഹാനായിരുന്നു ചാവറ കുര്യാക്കോസച്ചൻ അതേ ഈശ്വരധ്യാനത്തിലൂടെ കാലത്തെ മനസ്സിലാക്കി മനുഷ്യരെ ശുശ്രൂഷിച്ച ഈ പുണ്യാത്മാവിന്റെ ദീപ്തസ്മരണയുടെ ജ്വലനം നമ്മിലും ഉളവാകട്ടെ.



# കൈനകരിയിൽ ഉദിച്ച ആത്മീയതേജസ്സ് ചാവറയച്ചൻ





*റവ. ഫാ. തോമസ് കല്ലുകളം*
*സി.എം.ഐ.*

വി. ചാവറപിതാവിന്റെ സ്വർഗ്ഗപ്രാപ്തിയുടെ 150-ാം വർഷത്തിൽ ചാവറപിതാവിന്റെ ജന്മഗൃഹം സ്ഥിതിചെയ്യുന്ന കൈനകരി എന്ന കൊച്ചുഗ്രാമത്തിന്റെ പശ്ചാത്തലത്തിൽ വി. ചാവറപിതാവിന്റെ ജീവിതത്തെ ഒരു പുനർവായനയ്ക്ക് വിധേയമാക്കുവാൻ ഈ കുറിപ്പിലൂടെ പരിശ്രമിക്കുകയാണ്.

വി. ചാവറപിതാവ് 1805 ഫെബ്രുവരി 10 ന് കൈനകരിയിൽ ജനിച്ചു. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ 13 വർഷക്കാലം കൈനകരിയിലാണ് ചെലവഴിച്ചത്. ചാവറപിതാവിനെ ചാവറപിതാവാക്കിയത് ഈ നാടിന്റെ അന്തരീക്ഷവും ഇല്ലായ്മകളും വിവിധ ജാതി മതസ്ഥരായ ദൈവജനവുമായിട്ടുള്ള ബന്ധവും അദ്ദേഹത്തിന്റെ മാതാപിതാക്കളും സഹോദരങ്ങളും അടങ്ങുന്ന കുടുംബവുമാണ്. ഇല്ലായ്മകൾക്കിടയിലേക്കാണ് കൊച്ചുകുര്യാക്കോസ് ജനിച്ചതും വളർന്നതുമെങ്കിലും നിരാശനാകാതെ നഷ്ടധൈര്യനാകാതെ ദൈവത്തിങ്കലേക്ക് ആണ് അദ്ദേഹം നോക്കിയത്. ദൈവജനത്തിനുവേണ്ടി ദൈവത്തിന്റെ സ്വപ്നങ്ങൾ കാണുകയും നിരവധി നൂതന സംരംഭങ്ങൾ നടപ്പിലാക്കുകയും ചെയ്ത മറ്റൊരു വിശുദ്ധനെ കണ്ടുമുട്ടുക വളരെ ബുദ്ധിമുട്ടായിരിക്കും.

നാനാജാതി മതസ്ഥർക്കുവേണ്ടി അദ്ദേഹം വിവിധ പ്രസ്ഥാനങ്ങൾ തുടങ്ങിവച്ചു. കത്തോലിക്കാസഭയിലെ ആദ്യ പ്രസ്സ്, പെൺകുട്ടികളുടെ വിദ്യാഭ്യാസം, കീഴ്ജാതിക്കാരുടെയും ഉയർന്ന ജാതീയരുടെയും ഒരുമിച്ചുള്ള വിദ്യാഭ്യാസം, സംസ്കൃതപാഠശാല, ഉച്ചഭക്ഷണപരിപാടി, നാല്പതുമണി ആരാധന, കുരിശിന്റെ വഴി, സെമിനാരി സമ്പ്രദായം, ആദ്യവൃദ്ധസദനം, ധ്യാനപ്രസംഗങ്ങൾ, ഇൻഡ്യയിലെ ആദ്യ രണ്ട് സന്യാസസമൂഹങ്ങൾ, സുറിയാനിസഭയുടെ ആദ്യത്തെ വികാരി ജനറാൾ ഇങ്ങനെ ധാരാളം കാര്യങ്ങളിൽ ഒരു തുടക്കക്കാരനായിരുന്നു അദ്ദേഹം. വി. പിതാവിന്റെ ജീവിതത്തിലെ വിശേഷപ്പെട്ട ഒരു സംഭാവനയാണ് അദ്ദേഹം കുടുംബങ്ങൾക്കുവേണ്ടി-കൈനകരിക്കാർക്ക് എഴുതിക്കൊടുത്ത - 'ഒരു നല്ല അപ്പന്റെ ചാവരുൾ'.

ഒന്നാമതായി കൈനകരിയിലെ ഈ വിശുദ്ധ ഭവനത്തിൽ നിന്ന് നാം പഠിയ്ക്കേണ്ടത് ഇല്ലായ്മയിലേക്ക് നോക്കി അസ്വസ്ഥപ്പെടാതെ ദൈവത്തിങ്കലേക്ക് നോക്കി, ദൈവത്തിന്റെ സ്വപ്നങ്ങൾ വി. ചാവറപിതാവിനേപ്പോലെ നമുക്ക് കാണാൻ സാധിച്ചാൽ അത് വലിയ അനുഗ്രഹമായിരിക്കും. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത ഇക്കാര്യത്തിൽ നമുക്ക് സഹായമാകും.

രണ്ടാമതായി കേവലം കളരി വിദ്യാഭ്യാസം മാത്രം ലഭിച്ച, പരിമിതികളിൽ വളർന്ന വിദ്യാർത്ഥി തന്റെ 13-ാം വയസ്സിൽ സെമിനാരി പഠനത്തിനായി പള്ളിപ്പുറത്തേക്ക് യാത്രപുറപ്പെടുന്നത്. പഠനം ആരംഭിച്ച് നാളുകൾ കഴിഞ്ഞപ്പോൾ മാതാപിതാക്കളും ജ്യേഷ്ഠസഹോദരനും സഹോദരഭാര്യയും പകർച്ചവ്യാധി പിടിച്ച് ഈ ലോകത്തോട് യാത്രപറഞ്ഞത്. ആറ് മാസങ്ങൾക്കുശേഷം ചിറ്റപ്പന്മാർവഴി അദ്ദേഹം ഇവ അറിയുകയും, ചാവറ കുടുംബം മുന്നോട്ട് കൊണ്ടുപോകുവാൻ കൊച്ചുകുര്യാക്കോസ് വിവാഹം കഴിക്കണമെന്നും ജ്യേഷ്ഠന്റെ കുഞ്ഞിനെ ദത്തെടുക്കണമെന്നും നിർബന്ധപൂർവ്വം ചിറ്റപ്പന്മാർ ആവശ്യപ്പെട്ടു. ആറുമാസം പ്രാർത്ഥനയിലും ധ്യാനത്തിലും കൈനകരിയിൽ തന്റെ ഭവനത്തിൽ ആയിരുന്ന അദ്ദേഹം ദൈവം തന്നെ ഏല്പിച്ചിരിക്കുന്ന പ്രത്യേകദൗത്യം തിരിച്ചറിഞ്ഞ് ബന്ധുക്കളെ അറിയിച്ചു. ചാവറകുടുംബം ദൈവം നോക്കിക്കൊള്ളുമെന്ന ഉത്തമബോധ്യത്തോടെ കുടുംബവും കുഞ്ഞിനെയും മൂത്തസഹോദരിയെ ഏല്പിച്ചു ഇറങ്ങി. 'ദൈവതിരുമനസ്സ് നടക്കും, നടത്തും' എന്ന് പറയുവാൻ കേവലം പതിമൂന്നരവയസ്സ് മാത്രം പ്രായമുള്ള അദ്ദേഹത്തിന് അന്ന് സാധിച്ചെങ്കിൽ, ആ അസാധാരണ പക്വത നമ്മുടെ ഓരോരുത്തരുടെയും ജീവിതദൗത്യം മനസ്സിലാക്കാൻ നമുക്ക് പ്രചോദനമാകേണ്ടതുണ്ട്. ഓരോരുത്തരും അവരുടെ ദൗത്യം തിരിച്ചറിയുന്നത് ജീവിത സംതൃപ്തിയിലേക്കും നമ്മെ എത്തിക്കും.

മൂന്നാമതായി, വർഷങ്ങൾക്കുമുമ്പ് കുടുംബങ്ങൾ ഭദ്രതയോടെ മുന്നോട്ട് പോകണമെന്ന് ആഗ്രഹിച്ച് അദ്ദേഹം കുടുംബങ്ങൾക്കെഴുതിയ കത്ത്, ഒരു നല്ല അപ്പന്റെ ചാവരുൾ. മനശാസ്ത്രമോ മറ്റ് അനുബന്ധ ശാഖകളോ വികസിച്ചിട്ടില്ലാത്ത ആ കാലഘട്ടത്തിൽ എഴുതപ്പെട്ട ഈ എഴുത്തിന്റെ പ്രസക്തിക്ക് ഇന്നും മങ്ങലേറ്റിട്ടില്ല. മക്കളും മാതാപിതാക്കളും തമ്മിലുള്ള ബന്ധം, മക്കൾ ദൈവത്തിന്റെ ദാനമാണെന്നും മാതാപിതാക്കൾ മക്കളുടെ സൂക്ഷിപ്പുകാരാണെന്നും യഥാർത്ഥയുടമ ദൈവം തന്നെയാണെന്നും ദൈവം ആഗ്രഹിക്കുംവി

ധം മക്കളെ പരിശീലിപ്പിക്കണമെന്നും ആവശ്യപ്പെടുമ്പോൾ ദൈവത്തിന് തിരികെ ഏല്പിച്ച് കൊടുക്കേണ്ട നിധികളാണ് മക്കളെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു. മക്കളുടെ പരിശീലനത്തിൽ മാതാപിതാക്കൾ നേരിട്ട് ഇടപെടേണ്ടതിന്റെ ആവശ്യകതയും ബന്ധുവീടുകളിലേക്കും മറ്റും വിവേചനംകൂടാതെ മക്കളെ പറഞ്ഞുവിടരുത് എന്ന താക്കീതും ആ കാലഘട്ടത്തിൽ എഴുതിയത് ദൈവാത്മാവിനാൽ പ്രചോദിതമായി തന്നെയാണ്. മാത്രമല്ല മക്കളുടെ പഠനത്തെക്കുറിച്ചും കൂട്ടുകാരെക്കുറിച്ചും അന്വേഷിക്കണമെന്നും ജീവിതാന്തസ്സ് തിരഞ്ഞെടുക്കുമ്പോൾ മാതാപിതാക്കൾ കൈകടത്തരുത് എന്നും അത് കുട്ടിയും ദൈവവും തമ്മിലുള്ള ഇടപാടാണെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

ഈ കാലഘട്ടത്തിൽ ജീവിക്കുന്ന നമുക്കേവർക്കും നമ്മുടെ കഴിവുകൾക്കനുസരിച്ചുള്ള ദൗത്യം പ്രാർത്ഥനാപൂർവ്വം തിരിച്ചറിയാൻ സാധിക്കണം. വിവാഹത്തിന് മക്കളെ ഒരുക്കണമെന്നും ബന്ധുത്വം അന്വേഷിക്കുമ്പോൾ ദൈവഭയവും ക്രമവും ചിട്ടയുമുള്ള കുടുംബത്തിൽ നിന്നായിരിക്കണമെന്നും ബാക്കി ക്രമീകരണങ്ങൾ ദൈവം നൽകിക്കൊള്ളുമെന്നും അദ്ദേഹം വിശ്വസിച്ചു. സമ്പത്ത് ദൈവത്തിന്റെ ദാനമാണെന്നും അദ്ധ്വാനിച്ച് പണം കണ്ടെത്തണമെന്നും ദൈവം ആഗ്രഹിക്കും വിധം പണം ചെലവഴിക്കണമെന്നും ധൂർത്തും പിശുക്കും ഒരു പോലെ പാപമാണെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു. വിവാഹിതരായ മക്കളെ മാറ്റി പാർപ്പിക്കണമെന്നും മാതാപിതാക്കൾ വളരെ പ്രായമാകുന്നതിന് മുമ്പ് തന്നെ സ്വത്ത് വീതം വയ്ക്കണമെന്നും അതിന്റെ പേരിൽ തർക്കങ്ങൾ ഒഴിവാക്കണമെന്നും പ്രത്യേകമാംവിധം അദ്ദേഹം അനുശാസിക്കുന്നു. ഈ സത്യങ്ങൾ എല്ലാം ചാവറപിതാവ് അവതരിപ്പിക്കുന്നത് ബൈബിളിന്റെ വെളിച്ചത്തിലാണ്. ഇത്തരത്തിൽ കുടുംബഭദ്രത ആഗ്രഹിച്ച് അദ്ദേഹം എഴുതിയ ഈ എഴുത്ത് കൈനകരിയിലെ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അടിസ്ഥാനത്തിലാണ്.

ആയതിനാൽ കൈനകരിയിലെ ജന്മഗൃഹത്തിൽ വന്ന് പ്രാർത്ഥിക്കുന്നവർ കുടുംബങ്ങളുടെ ഭദ്രതയ്ക്കും കുഞ്ഞുങ്ങളുടെ പരിശീലനത്തിനും വേണ്ടി പ്രത്യേകമാംവിധം വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിക്കണം. ഈ ജന്മഗൃഹത്തിൽ വന്നിരിക്കുന്ന അനുഗ്രഹസാക്ഷ്യങ്ങളിൽ പ്രത്യേകമായി കുടുംബങ്ങൾ, മക്കളില്ലാത്ത ദമ്പതികൾ, പഠനാവശ്യങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചവർക്ക് അനുഗ്രഹങ്ങൾ ലഭിച്ചതായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ഈ ഗ്രാമത്തിന്റെ എല്ലാ വേദനകളും അറിയുന്ന ചാവറയച്ചന്റെ മാദ്ധ്യസ്ഥം നമ്മളെ ഏവരെയും നന്നായി ജീവിക്കുവാൻ അനുഗ്രഹിക്കട്ടെ. •

# അനുഗ്രഹത്തിന്റെ നാൾവഴികൾ



**പ്രാർത്ഥനാ സഹായം അഭ്യർത്ഥിക്കുന്നതിനും അനുഗ്രഹങ്ങൾ അറിയിക്കുന്നതിനും**
9447738150

## വിസ്മയിപ്പിച്ച ചാവറയച്ചൻ



തിരുക്കുടുംബഭക്തനായ വിശുദ്ധ ചാവറപിതാവിനോട് മനംനൊന്ത് പ്രാർത്ഥിച്ചപ്പോൾ വിസ്മയിപ്പിക്കുന്നവിധം എന്നെ സഹായിച്ചനുഗ്രഹിച്ച ഒരു വലിയ സംഭവം ചുരുക്കി പറയട്ടെ എതാണ്ട് 35 വർഷങ്ങൾക്കു മുമ്പ് 1980–85 കളിൽ ഞാൻ ജേക്കബ് പുളിയക്കലച്ചൻ ഒരു ബ്രദറായി ഈ മാന്നാനം ആശ്രമത്തിലും ദൈവാലയത്തിലുമായി ശുശ്രൂഷ ചെയ്തുവരികയായിരുന്നു. പ്രധാനമായി ഈ ദൈവാലയത്തിൽ ബലിയർപ്പിക്കുവാൻ വരുന്ന ബ. വൈദികർക്ക് ആവശ്യമായതെല്ലാം അതായത് ഇപ്പോൾ നമ്മുടെ കപ്യാർ സഹോദരൻ ചെയ്യുന്നതുപോലെ എല്ലാം ഒരുക്കിക്കൊടുക്കുക, അൾത്താര അലങ്കരിക്കുക, കുർബാനയ്ക്ക് പാട്ടുപാടി സഹായിക്കാൻ ആവശ്യമുള്ളപ്പോൾ അത് ചെയ്തുകൊടുക്കുക എന്നിവയായിരുന്നു. അക്കാലത്ത് ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും മാന്നാനം ആശ്രമദൈവാലയത്തിലെത്തുന്ന ഭക്തജനങ്ങളുടെ തിരക്ക് വളരെ കൂടുതലായിരുന്നു. അവരെല്ലാവരും ദിവ്യബലിയിൽ ഭക്തിയോടെ സംബന്ധിച്ച് ദിവ്യകാരുണ്യ ഈശോയെ സ്വീകരിക്കുവാൻ ഇന്നത്തെപ്പോലെ തന്നെ അതീവതല്പരരായിരുന്നു. അന്ന് ബഹു. വൈദികർക്കും ഡീക്കന്മാർക്കും മാത്രമേ വിശുദ്ധ കുർബാന എഴുന്നെള്ളിച്ച് വിശ്വാസികൾക്ക് കൊടുക്കുവാൻ അനുവാദമുണ്ടായിരുന്നുള്ളു. ചില സമയങ്ങളിൽ വിശുദ്ധ കുർബാന എഴുന്നെള്ളിച്ച് കൊടുക്കുവാൻ ബഹു. വൈദികർ ആവശ്യത്തിനില്ലാത്തത് കാണുമ്പോൾ ഞാൻ വളരെ വിഷമിച്ചിട്ടുണ്ട്. എനിക്കും അതിനുള്ള യോഗ്യത ലഭിച്ചിരുന്നെങ്കിൽ എന്ന് വളരെ ആശിച്ചിരുന്നു. ഒരിക്കൽ വിശുദ്ധ കുർബാന സ്വീകരണത്തിനായി വളരെ സമയം ആളുകൾ നിൽക്കേണ്ടിവന്നത് കണ്ട്, ബഹു. വൈദികരുടെ ബുദ്ധിമുട്ടും മനസ്സിലാക്കി എനിക്ക് സഹായിക്കാൻ കഴിയുന്നില്ലല്ലോ എന്നോർത്ത് മനംനൊന്ത് ഞാൻ ഇങ്ങനെ പ്രാർത്ഥിച്ചു. വിശുദ്ധ കുർബാനയുടെ അതീവഭക്തനായ വിശുദ്ധ ചാവറപിതാവേ, വിശുദ്ധ കുർബാന എഴുന്നെള്ളിച്ച് കൊടുക്കാനുള്ള ഒരു സ്ഥാനം എനിക്ക് കിട്ടുകയാണെങ്കിൽ ഞാൻ ഈ ദൈവാലയത്തിൽ വരുന്നവർക്കെല്ലാം എല്ലാ കുർബാനയ്ക്കും ഈശോയെ എഴുന്നെള്ളിച്ച് കൊടുത്തുകൊള്ളാം. അതിന് എനിക്ക് കിട്ടുന്ന അവസരങ്ങളെല്ലാം ഏറ്റവും വലിയ അനുഗ്രഹമായി ഞാൻ വിശ്വസിക്കുന്നു. ദിവ്യകാരുണ്യ നാഥൻ എഴുന്നെള്ളിയിരിക്കുന്ന തിരുവോസ്തി കൈകളിലെടുത്ത് അങ്ങേ ജനത്തിന് നൽകാൻ എന്നെയും യോഗ്യനാക്കണമേ എന്ന് കണ്ണുനീരോടെ വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിൽ മുട്ടുകുത്തി പിതാവിന്റെ മാദ്ധ്യസ്ഥതയിൽ ഞാൻ പ്രാർത്ഥിച്ചു. ഞാൻ ഇപ്രകാരം പ്രാർത്ഥിച്ച് ഒരാഴ്ച കഴിഞ്ഞപ്പോൾ തന്നെ എന്നെ വിസ്മയിപ്പിച്ചുകൊണ്ട് അധികാരികളിൽ നിന്ന് ഒരു കത്ത് എനിക്ക് ലഭിച്ചു. പുളിയ്ക്കൽ ബ്രദറേ, ബ്രദറിന് ഡീക്കൻസ്ഥാനം നൽകാൻ പ്രവിശ്യാസംഘം തീരുമാനിച്ചിരിക്കുന്നു. വേഗംപോയി ധ്യാനം കഴിച്ച് ഒരുങ്ങിയ്ക്കോ. അതായിരുന്നു കത്തിലെ ഉള്ളടക്കം. എന്റെ പ്രാർത്ഥനയ്ക്ക് വളരെ വേഗത്തിൽ എനിക്ക് ഉത്തരം നൽകിയത് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥശക്തിയാണെന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങനെ 1985 ജൂലൈ 11 ന് ഈ ആശ്രമദൈവാലയത്തിൽ വച്ച് ഷാന്ദാ ബിഷപ്പിൽ നിന്ന് ഞാൻ ഡീക്കൻ പട്ടം സ്വീകരിച്ചു. ഞാൻ ആഗ്രഹിച്ചതുപോലെ തന്നെ 3 വർഷം ഈ ദൈവാലയത്തിൽ വരുന്നവർക്ക് ദിവ്യകാരുണ്യ ഈശോയെ എഴുന്നെള്ളിച്ച് കൊടുക്കാൻ ദൈവം ഭാഗ്യം തന്നു. അതിനുശേഷമാണ് വൈദികപഠനത്തിനായി ബാംഗ്ളൂരിലേക്കും ധർമ്മാരാം കോളേജിലേയ്ക്കും പോയത്. ഇന്നും ഓരോദിവസവും വിശുദ്ധ കുർബാന കൈകളിൽ എടുക്കുമ്പോൾ എന്നെ അതിന് യോഗ്യനാക്കുവാൻ സർവ്വശക്തനായ ദൈവത്തിന്റെ മുമ്പിൽ എനിക്ക് വേണ്ടി മാദ്ധ്യസ്ഥം വഹിച്ച പുണ്യപിതാവിനെ ഞാൻ നിറകണ്ണുകളോടെ സ്മരിക്കുന്നു. യാതൊരു യോഗ്യതയും ഇല്ലാത്ത എനിക്ക് ഇത്ര വലിയ അനുഗ്രഹങ്ങൾ നൽകാൻ എനിക്കു വേണ്ടി ശക്തിയേറിയ മാദ്ധ്യസ്ഥം വഹിച്ചത് തിരുക്കുടുംബത്തിന്റെ വിശുദ്ധ ചാവറപിതാവ് തന്നെ, പിതാവിനോട് ചേർന്ന് പരിശുദ്ധ അമ്മയോട് ചേർന്ന് ത്രിതൈ്വകദൈവത്തിന് ആയിരമായിരം നന്ദിയുടെ നറുമലരുകൾ ഹൃദയപൂർവ്വം നേരുന്നു.

**ജേക്കബ് പുളിയ്ക്കലച്ചൻ**
**മാന്നാനം ആശ്രമം**

## അത്ഭുതസൗഖ്യം ലഭിച്ചു



എന്റെ സഹോദരിയുടെ മകൾ ജനിച്ച് സംസാരിക്കേണ്ടതും നടക്കേണ്ടതുമായ പ്രായം കഴിഞ്ഞിട്ടും കുഞ്ഞിന് നടക്കുവാനോ സംസാരിക്കുവാനോ കഴിയാത്ത അവസ്ഥയിലായിരുന്നു. വിശുദ്ധ ചാവറപിതാവിന്റെ മദ്ധ്യസ്ഥസഹായത്താൽ ലഭിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ച് അറിഞ്ഞ ഞാൻ കുട്ടിക്ക് വേണ്ടി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ചു. അനുഗ്രഹം ലഭിച്ചാൽ കുട്ടിയെയുംകൊണ്ട് വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് സാക്ഷ്യം നൽകികൊള്ളാമെന്ന് നേർന്നു. പിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ച് അധികം വൈകാതെതന്നെ ഞാൻ പ്രാർത്ഥിച്ച കാര്യങ്ങൾ സാധിച്ചു. കുട്ടി നടക്കാനും സംസാരിക്കാനും തുടങ്ങി. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ ലഭിച്ച വലിയ അനുഗ്രഹത്തിന് നന്ദി പറയുന്നു.

**ഫ്രാൻസിസ് നീലിശ്വരം**

## കുടുംബങ്ങളുടെ പ്രാർത്ഥനയ്ക്കുത്തരം ലഭിച്ചു

എന്റെ മകൻ മാസംതികയാതെയാണ് ജനിച്ചത്. ആരോഗ്യപ്രശ്നങ്ങൾ മൂലം കുഞ്ഞ് ഒരു മാസത്തോളം ICU-വിൽ ആയിരുന്നു. കുട്ടിയുടെ ആരോഗ്യം വീണ്ടെടുക്കുന്നതിനായും മറ്റ് ബുദ്ധുമുട്ടുകൾ ഒന്നും ഉണ്ടാകാതിരിക്കുന്നതിനുമായി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം മുടങ്ങാതെ പ്രാർത്ഥിച്ചതിന്റെ ഫലമായി കുഞ്ഞ് പൂർണ്ണ ആരോഗ്യവാനായതിന് നന്ദി പറയുന്നു.

**ഷൈലജ ബി., പുനലൂർ**

## സാന്ത്വനം നൽകുന്ന വിശുദ്ധൻ

എന്റെ മകൾക്ക് ഗുരുതരമായ രോഗം സംശയിച്ച് നടത്തിയ ബയോപ്സി ടെസ്റ്റിന്റെ റിപ്പോർട്ട് നോർമൽ ആകുന്നതിന് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ച് എനിക്ക് ലഭിക്കുന്ന അനുഗ്രഹം സാക്ഷ്യപ്പെടുത്താമെന്നും നേർന്ന് വിശുദ്ധ കുർബാനയിലും വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിലും പങ്കെടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി ബയോപ്സി റിപ്പോർട്ടിൽ ഭയപ്പെടേണ്ട കാര്യമൊന്നുമില്ല എന്നറിഞ്ഞതിന് നന്ദി പറയുന്നു.

**ലിസി, അതിരമ്പുഴ**

## പരീക്ഷകളിൽ വിജയം

വിശുദ്ധ കുർബാനയിലും വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിലും സംബന്ധിച്ച് മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും സാക്ഷ്യം നൽകാമെന്ന് നേരുകയും ചെയ്തതിന്റെ ഫലമായി എന്റെ മകൾ അപർണ IELTS പരീക്ഷയിൽ ഉയർന്ന വിജയം നേടിയതിന് നന്ദി പറയുന്നു.

**കുര്യൻ അതിരമ്പുഴ**

## അനുഗ്രഹം ലഭിക്കുന്നു

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം സ്ഥിരമായി പ്രാർത്ഥിച്ച് വിശുദ്ധ കുർബാനയിലും വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിലും സംബന്ധിച്ചതിന്റെ ഫലമായി ഫിസിയോതെറാപ്പിയുടെ അവസാനവർഷ പരീക്ഷയിൽ മകന് നല്ല മാർക്ക് ലഭിച്ചതിന് നന്ദി പറയുന്നു.

**എൽസി മാന്നാനം**

## യോഗ്യതാപരീക്ഷയിൽ വിജയം

ജർമ്മനിയിൽ ജോലിയ്ക്കായി പോകുന്നതിനുള്ള ജർമ്മൻ പരീക്ഷ എന്റെ മകൾക്ക് വളരെ ബുദ്ധിമുട്ടായി തോന്നിയതിനാൽ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി മകൾ ജർമ്മൻ പരീക്ഷപാസ്സായതിന് നന്ദി പറയുന്നു.

**സാലി മാത്യു, ഓണംതുരുത്ത്**

## പ്രാർത്ഥനയ്ക്കുത്തരം നൽകുന്ന പിതാവ്

നാല് തവണ പരീക്ഷയിൽ പരാജയപ്പെട്ട് ആകെ നിരാശയിലായ ഞാൻ വിശുദ്ധ കുർബാനയിലും വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിലും പങ്കെടുത്ത് പ്രാർത്ഥിക്കുകയും അനുഗ്രഹം സാക്ഷ്യപ്പെടുത്താമെന്നും നേർന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി 5-ാം പ്രാവശ്യം NET, JRF പരീക്ഷകളിൽ വിജയിച്ചതിന് നന്ദി പറയുന്നു.

**നിഖില മരിയ ജെയിംസ്, ആർപ്പൂക്കര**

## കുടുംബങ്ങളുടെ മദ്ധ്യസ്ഥൻ



വിവാഹം കഴിഞ്ഞ് ആറു വർഷമായിട്ടും കുഞ്ഞുങ്ങൾ ഉണ്ടാകാതിരുന്നതിനാൽ ധാരാളം ചികിത്സകൾ നടത്തി മാനസികമായി വളരെ തകർന്ന അവസ്ഥയിൽ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ ലഭിക്കുന്ന അനുഗ്രഹസാക്ഷ്യങ്ങളെക്കുറിച്ച് അറിഞ്ഞ് ഞങ്ങൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിക്കുകയും സന്താനഭാഗ്യം ലഭിച്ചാൽ ഫോട്ടോസഹിതം സാക്ഷ്യം നൽകാമെന്നും നേർന്നതിന്റെ ഫലമായി ഒരു ആൺകുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിച്ചു. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായത്തിന് നന്ദി പറയുന്നു.

**ഷൈനി മാർട്ടിൻ, പാലക്കാട്**

## മാദ്ധ്യസ്ഥപ്രാർത്ഥനയ്ക്കുത്തരം ലഭിച്ചു

എന്റെ ഭാര്യയുടെ പി.എച്ച്.ഡി. ഓപ്പൺ ഡിഫൻസ് ഭംഗിയായി നടക്കുന്നതിന് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം സ്ഥിരമായി പ്രാർത്ഥിച്ചതിന്റെ ഫലമായി ഓപ്പൺ ഡിഫൻസ് ഭംഗിയായി നടന്ന് പി.എച്ച്.ഡി. അവാർഡ് ചെയ്തതിന് നന്ദി പറയുന്നു.

**ജോമോൻ എടത്വ**

## സൗഖ്യദായകൻ ചാവറപിതാവ്

വളരെ വർഷങ്ങളോളം ശ്വാസംമുട്ടൽ രോഗത്താൽ ബുദ്ധിമുട്ടുകയും പലവിധ ചികിത്സകൾ ചെയ്തിട്ടും അസുഖത്തിന്റെ അസ്വസ്ഥതകൾ വിട്ടുമാറാതെ അലട്ടിക്കൊണ്ടിരുന്നയാളാണ് ഞാൻ. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ച് കബറിടത്തിൽ വരികയും വിശുദ്ധ കുർബാനയിലും നൊവേനയിലും പങ്കെടുത്ത് രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കുകയും, നൊവേനപ്രാർത്ഥന ദിവസവും വീട്ടിൽ ചൊല്ലി സൗഖ്യം ലഭിക്കുന്നതിനായി പ്രാർത്ഥിക്കുകയും ചെയ്തതിന്റെ ഫലമായി അസുഖം പൂർണ്ണമായി മാറിയതിന് നന്ദി പറയുന്നു.

**സൂസ്സൻ ആഗസ്തി, കോഴിപ്പിള്ളി**

## പ്രതിസന്ധികളിൽ തണലേകുന്ന സ്നേഹം



വിവാഹം ഉറപ്പിച്ച് ഒന്നരവർഷമായിട്ടും വിവാഹം നടക്കാതെ പലവിധ തടസ്സങ്ങൾ നേരിട്ടപ്പോൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം നിരന്തരമായി പ്രാർത്ഥിച്ചതിന്റെ ഫലമായി തടസ്സങ്ങൾ നീങ്ങി വിവാഹം മംഗളമായി നടന്നതിന് നന്ദി പറയുന്നു.

**സെബാസ്റ്റ്യൻ ജോർജ്, ആറുമാനൂർ**

## ജോലി ലഭിച്ചു

വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് പ്രാർത്ഥിക്കുകയും 9 ശനിയാഴ്ച വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ച് മാദ്ധ്യസ്ഥം സാക്ഷ്യപ്പെടുത്താമെന്ന് നേർന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി നല്ല ജോലി ലഭിച്ചതിന് നന്ദി പറയുന്നു.

**സുനു മാത്യു, അതിരമ്പുഴ**

## ഉറപ്പുള്ള സഹായകൻ

നേഴ്സിംങ്ങ് പാസ്സായി വിദേശത്ത് പോകുന്നതിനായി പരിശ്രമിച്ച് പലവിധ തടസ്സങ്ങൾ നേരിട്ടപ്പോൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ച് വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി വീസാ ലഭിച്ച് ന്യൂസിലന്റിന് പോകാൻ സാധിച്ചു. കൂടാതെ വിദേശയാത്രയ്ക്ക് സാമ്പത്തിക തടസ്സം നേരിട്ടപ്പോഴും വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായത്താൽ സാമ്പത്തികപ്രതിസന്ധി മാറിയതിനും നന്ദി പറയുന്നു.

**തോമസ് ടോം, ആർപ്പൂക്കര**

## ജോലി ലഭിച്ചു

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയാൽ പോസ്റ്റുഗ്രാജേഷൻ നല്ല മാർക്കോടെ പാസ്സായതിനും ദുബായിൽ ജോലി ലഭിച്ചതിനും നന്ദി പറയുന്നു.

**അജയ് തോമസ് കുടമാളൂർ**

## സന്താനസൗഭാഗ്യം ലഭിച്ചു



വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം മുടങ്ങാതെ പ്രാർത്ഥിച്ചതിന്റെ ഫലമായി ഒരു ആൺകുഞ്ഞിന് ജന്മം നൽകുവാനുള്ള അനുഗ്രഹം ലഭിച്ചതിന് നന്ദി പറയുന്നു.

**ജോസീന ജോർജ് പന്തലാട്ട്, തലയോലപറമ്പ്**

## സാമ്പത്തികബുദ്ധിമുട്ട് മാറി

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ച് വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ചതിന്റെ ഫലമായി ജീവിതത്തിലെ വലിയ പ്രശ്നമായിരുന്ന സാമ്പത്തികബുദ്ധിമുട്ട് മാറിക്കിട്ടിയതിനും സഹോദരന്റെ ലീവിന്റെ പ്രശ്നം പരിഹരിക്കപ്പെട്ടതിനും നന്ദി പറയുന്നു.

**ബിബിൻ മാത്യു, ഏറ്റുമാനൂർ**

## വീടുപണിയിലെ തടസ്സങ്ങൾ മാറി

സ്വന്തമായി ഒരു വീടെന്ന സ്വപ്നത്തെക്കുറിച്ച് ചിന്തിക്കുമ്പോൾതന്നെ പലവിധ തടസ്സങ്ങൾ നേരിട്ടിരുന്ന സഹോദരൻ വീടുപണിയുടെ ആലോചന മുതൽ മുടങ്ങാതെ വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിലും വിശുദ്ധ കുർബാനയിലും സംബന്ധിച്ച് മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി തടസ്സങ്ങൾ മാറി ഒരു വീട് പണിതീർക്കുവാൻ സാധിച്ചതിന് നന്ദി പറയുന്നു.

**ടോണി ജോസഫ്, ആർപ്പൂക്കര**

## വിശ്വാസത്തോടെയുള്ള പ്രാർത്ഥനയ്ക്കുത്തരം ലഭിച്ചു



ഞാൻ അഞ്ച് മാസം ഗർഭിണിയായിരുന്നപ്പോൾ നടത്തിയ സ്കാനിംഗിയൽ ശിശുവിന്റെ ഹൃദയത്തിൽ അസാധാരണമായ രീതിയിൽ ഒരു പൊട്ടുപോലെ കാണപ്പെടുന്നതായി ഡോക്ടർമാർ കണ്ടെത്തി. ഇതറിഞ്ഞ് വളരെ വിഷമിച്ച ഞങ്ങൾ കുടുംബമൊന്നുചേർന്ന് വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് പ്രാർത്ഥിക്കുകയും കുഞ്ഞിന്റെ ഈ അവസ്ഥ മാറിക്കിട്ടുകയാണെങ്കിൽ ഫോട്ടോസഹിതംസാക്ഷ്യപ്പെടുത്തിക്കൊള്ളാമെന്നും നേർന്നതിന്റെ ഫലമായി കുഞ്ഞിന്റെ ജനനശേഷം നടത്തിയ പരിശോധനകളിൽ കുഞ്ഞിന് യാതൊരു കുഴപ്പവുമില്ല എന്നും ഹൃദയത്തിൽ പൊട്ടുപോലെ കാണപ്പെട്ടിരുന്നത് പൂർണ്ണമായും മാറി എന്നറിഞ്ഞതിനും നന്ദി പറയുന്നു.

**അനയ ജിജോ, കൂത്രപ്പള്ളി**

## അത്ഭുതസൗഖ്യം ലഭിച്ചു

വിശുദ്ധ ചാവറപിതാവിന്റെ തിരുനാൾ ദിനമായ ജനുവരി 3 ന് രാവിലെ എന്റെ നാലര വയസ്സുള്ള മകന് ഉറക്കം ഉണർന്നപ്പോൾ മുതൽ ശക്തിയായ വയറുവേദനയും ഛർദ്ദിയും അനുഭവപ്പെട്ടു. അസുഖം മാറാതിരുന്നതിനാൽ ഞാൻ വീടിനടുത്തുള്ള ഡോക്ടറെ പോയി കണ്ടു. ഡോക്ടർ ഒരുമരുന്ന് തന്നിട്ട് ഇത് കൊടുത്തുനോക്കുക കുറയുന്നില്ലെങ്കിൽ ആശുപത്രിയിൽ പോയി ട്രിപ് ഇടേണ്ടിവരും കുഞ്ഞ് വളരെ ക്ഷീണിതനാണ് എന്ന് പറഞ്ഞു. കുറേ സമയം കഴിഞ്ഞിട്ടും കുഞ്ഞിന്റെ അവസ്ഥയ്ക്ക് മാറ്റമുണ്ടായില്ല. തിരുനാളിൽ പങ്കെടുക്കുവാൻ സാധിക്കുകയില്ലല്ലോ എന്നോർത്ത് എനിക്ക് വളരെ സങ്കടമായി. പെട്ടെന്ന് എന്റെ മനസ്സിൽ ചാവറപിതാവിന്റെ രൂപം തെളിയുകയും ഞാൻ കുട്ടിയെ മടിയിലിരുത്തി വിശുദ്ധ ചാവറപിതാവിന്റെ നൊവേന ചൊല്ലി അസുഖം മാറുന്നതിനായി പ്രാർത്ഥിച്ചു. അത്ഭുതമെന്ന് പറയട്ടെ നൊവേന തീർന്ന നിമിഷം കുട്ടി മടിയിൽ നിന്ന് ചാടിയിറങ്ങി എനിക്ക് വിശക്കുന്നു. ഭക്ഷണം തരു എന്ന് പറഞ്ഞു. ആ നിമിഷം മുതൽ അവന്റെ എല്ലാ അസ്വസ്ഥതകളും പൂർണ്ണമായി മാറി. ഞാൻ കുട്ടിയുമായി കബറിടത്തിൽ വന്ന് നന്ദി പറഞ്ഞു. ശനിയാഴ്ചകളിലെ വിശുദ്ധ കുർബാനയിലും വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിലും മുടങ്ങാതെ സംബന്ധിക്കുന്ന എനിക്ക് ധാരാളം അനുഗ്രഹങ്ങൾ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ ലഭിച്ചിട്ടുണ്ട്. തിരുനാൾദിനത്തിൽ ചാവറപിതാവ് എനിക്ക് നൽകിയ ഈ വലിയ അനുഗ്രഹത്തിനും നന്ദി പറയുന്നു.

**മരീന ജേക്കബ് & ഫാമിലി.**

## അത്ഭുതസൗഖ്യം ലഭിച്ചു

എന്റെ മകന് ഭയങ്കരമായ വയറുവേദന ഉണ്ടായി അല്പം പോലും കുറവില്ലാതെ വന്നതിനെ തുടർന്ന് ആശുപത്രിയിൽ എത്തിച്ചപ്പോൾ അവനെ പരിശോധിച്ച ഡോക്ടർമാർ ഉടൻതന്നെ ഓപ്പറേഷൻ വേണമെന്ന് അറിയിച്ചു. വിശുദ്ധ ചാവറപിതാവിന്റെ ഭക്തയായ ഞാൻ പിതാവിന്റെ മാദ്ധ്യസ്ഥതയിൽ, ഓപ്പറേഷൻ കൂടാതെ തന്നെ അസുഖം കുറയണമെന്ന നിയോഗത്തിൽ വിശ്വാസത്തോടെ പ്രാർത്ഥിച്ചു. അനുഗ്രഹം ലഭിച്ചാൽ കബറിടത്തിൽ വന്ന് നീന്തി സാക്ഷ്യം പറഞ്ഞുകൊള്ളാമെന്നും നേർന്നതിന്റെ ഫലമായി ഓപ്പറേഷൻ കൂടാതെ തന്നെ എന്റെ മകന് സൗഖ്യം ലഭിച്ചു. കൂടാതെ എന്റെ അയൽവാസിയുടെ മകളുടെ തെറ്റായ ഒരു പ്രവർത്തിമൂലം ആ കുടുംബം ആകെ വിഷമിച്ച അവസരത്തിൽ ആ കുടുംബത്തിന്‌വേണ്ടിയും ഞാൻ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും തത്ഫലമായി പെൺകുട്ടി തെറ്റ് മനസ്സിലാക്കി മാതാപിതാക്കളുടെ അനുസരണയിൽ എത്തുകയും ചെയ്തു. ഈ അനുഗ്രഹങ്ങൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ ലഭിച്ചതാണെന്ന് പൂർണ്ണമായി വിശ്വസിച്ച് നന്ദി പറയുന്നു.

**ഉഷ രഘു, നീറിക്കാട്.**

## IELTS പരീക്ഷയിൽ വിജയം



വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ചതിന്റെ ഫലമായി IELTS പരീക്ഷയിൽ ഉയർന്ന സ്കോർ ലഭിച്ചതിന് നന്ദി പറയുന്നു.

**ലിഞ്ചു മാത്യു**

## ആശങ്കകളിൽ സാന്ത്വനം നല്കിയ പുണ്യപിതാവ്

യൂട്രസ്സിലും ഓവറിയിലും ഉണ്ടായ മുഴകൾ നീക്കം ചെയ്യുന്നതിനായി നടത്തേണ്ടിവന്ന ഓപ്പറേഷൻ വിജയിക്കുന്നതിനായി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ച് കബറിടത്തിൽ വരികയും വിശുദ്ധ കുർബാനയിലും നൊവേനയിലും പങ്കെടുത്ത് പ്രാർത്ഥിക്കുകയും, നൊവേനപ്രാർത്ഥന ദിവസവും വീട്ടിൽ ചൊല്ലുകയും ചെയ്തതിന്റെ ഫലമായി ഓപ്പറേഷൻ പൂർണ്ണവിജയമായി സൗഖ്യം ലഭിച്ചതിന് നന്ദി പറയുന്നു.

**ഷിജി ജോസ്, കടുത്തുരുത്തി.**

## പ്രാർത്ഥനയ്ക്ക് ഫലം ലഭിച്ചു

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിക്കുകയും ദിവസവും വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥന പഠനത്തിന് മുൻപ് ചൊല്ലുകയും ചെയ്തതിനാൽ മകൾക്ക് എം.ബി.ബി.എസ്. പരീക്ഷയിൽ നല്ല മാർക്ക് ലഭിച്ചതിനും മകന് ജോലി ലഭിച്ചതിനും നന്ദി പറയുന്നു.

**മോളി ടോമി, മുട്ടുചിറ**

## വിവാഹതടസ്സം മാറി



വിവാഹാലോചന തുടങ്ങി വളരെ നാളായിട്ടും വിവാഹം നടക്കാതരുന്നതിനാൽ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ച് കബറിടത്തിൽ വന്ന് വിശുദ്ധ കുർബാനയിലും വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിലും സംബന്ധിച്ചതിന്റെ ഫലമായി അനുയോജ്യമായ വിവാഹബന്ധം ലഭിച്ചതിന് നന്ദി പറയുന്നു.

**എമിലിമോൾ ജോസഫ്**
**നെറ്റിത്തൊഴു**

## OET പരീക്ഷയിൽ വിജയിച്ചു

4 പ്രാവശ്യം OET പരീക്ഷ എഴുതിയിട്ടും പാസ്സാകാൻ സാധിക്കാതിരുന്ന മകൾക്കുവേണ്ടി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ചതിന്റെ ഫലമായി പിന്നീട് നടന്ന പരീക്ഷയിൽ വിജയിച്ചതിന് നന്ദി പറയുന്നു.

**മോളി കുമാരനല്ലൂർ**

## വിവാഹം നടന്നു

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ സഹായത്താൽ സൗദിയിൽ നേഴ്സായി ജോലി ലഭിച്ചതിനും നല്ല വിവാഹബന്ധം ലഭിച്ചതിനും നന്ദി അറിയിക്കുന്നു.

**മഞ്ചു ഡെന്നീസ്, തിരുവല്ല**

## ചികിത്സകൾ ഫലപ്രദമായി

എനിക്ക് ബൈപാസ്സ് സർജറി നിർദ്ദേശിക്കപ്പെട്ടപ്പോൾ ഞാൻ ഓപ്പറേഷൻ വിജയകരമാകുന്നതിനായി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി സർജറി വിജയകരമാവുകയും അതിവേഗം ആരോഗ്യം വീണ്ടെടുക്കുന്നതിനും സാധിച്ചു. കൂടാതെ മുടങ്ങിക്കിടന്ന ബിസിനസ്സ് പുനരാരംഭിക്കുന്നതിനും വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയാൽ എനിക്ക് സാധിച്ചു, നന്ദി പറയുന്നു.

**കുര്യൻ ചാക്കോ, കൈപ്പുഴ**

## അലർജി രോഗം സുഖപ്പെട്ടു



തലയിൽ ഉണ്ടായ അലർജി രോഗം പല മരുന്നുകൾ ഉപയോഗിച്ചിട്ടും മാറാതെ വളരെ ബുദ്ധിമുട്ടിയ സന്ദർഭത്തിൽ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും സാക്ഷ്യപ്പെടുത്താമെന്ന് നേരുകയും ചെയ്തതിന്റെ ഫലമായി രോഗത്തിൽ നിന്ന് സൗഖ്യം ലഭിച്ചതിന് നന്ദി പറയുന്നു.

**അനീറ്റ ടോമി, മുക്കൂട്ടുതറ**

## സന്താനഭാഗ്യം നല്കി അനുഗ്രഹിച്ചു



വിവാഹം കഴിഞ്ഞ് 8 വർഷമായി മക്കളുണ്ടാകാതിരുന്ന സഹോദരന് ഒരു കുഞ്ഞ് ജനിക്കുന്നതിനായി സഹോദരി കബറിടത്തിൽ വന്ന് ഈ നിയോഗം സമർപ്പിച്ച് വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ച് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി യാതൊരുവിധ ചികിത്സകളും കൂടാതെ ഒരു കുഞ്ഞ് ജനിച്ചതിന് നന്ദി പറയുന്നു.

**മരിയ ജോസ്, വെളുത്തൂർ, തൃശ്ശൂർ**

## രോഗങ്ങളിൽ ആശ്വാസം ലഭിച്ചു

ശ്വാസം മുട്ടൽ രോഗം മൂലം വളരെ കഷ്ടപ്പെട്ടിരുന്ന വ്യക്തിയായിരുന്നു എന്റെ ഭർത്താവ്. പലപ്പോഴും ആശുപത്രിയിൽ അഡമിറ്റാകേണ്ടിയും വരുമായിരുന്നു. ശ്വാസം മുട്ടൽ വളരെ കൂടുതലായി പല ആശുപത്രികളിൽ ചികിത്സിച്ചിട്ടും കുറവില്ലാതെ വന്നപ്പോൾ എന്റെ ഭർത്താവിനുവേണ്ടി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ച് ആ അസുഖത്തിൽ നിന്ന് സൗഖ്യം ഈശോയോട് പ്രാർത്ഥിച്ച് തരണമെന്ന് അപേക്ഷിച്ചതിന്റെ ഫലമായി സൗഖ്യം ലഭിച്ചതിന് നന്ദി പറയുന്നു.

**മോളി, കുറുമുള്ളൂർ.**

## സങ്കടങ്ങളിൽ ആശ്വാസമേകിയ പിതാവ്



ആദ്യം വയറ്റിൽ ജനിച്ച കുഞ്ഞ് അബോർഷനായി പോവുകയും പിന്നീട് മൂന്ന് വർഷത്തോളം കുട്ടികൾ ഉണ്ടാകാതിരിക്കുകയും ചെയ്തപ്പോൾ മാന്നാനത്ത് പഠിച്ചിരുന്ന കൂട്ടുകാരിയുടെ നിർദ്ദേശപ്രകാരം വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി ആരോഗ്യമുള്ള ഒരു കുഞ്ഞ് ജനിച്ചതിന് നന്ദി പറയുന്നു.

**കൃഷ്ണപ്രിയ ശരത്ത്, അമ്പലപ്പുഴ**

## ഓപ്പറേഷൻ വിജയിച്ചു



അതിശക്തമായ തലവേദനയെതുടർന്ന് നടത്തിയ പരിശോധനകളിൽ ചെവിയ്ക്കുള്ളിലെ അസ്ഥി ദ്രവിക്കുന്ന അസുഖമാണെന്ന് കണ്ടെത്തി ഓപ്പറേഷൻ നിശ്ചയിച്ചു. നീരും വേദനയുംമൂലം വളരെ കഷ്ടപ്പെട്ട അവസരത്തിൽ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിക്കുകയും ഓപ്പറേഷൻ വിജയകരമായി സൗഖ്യം ലഭിച്ചാൽ ഫോട്ടോസഹിതം സാക്ഷ്യം നൽകാമെന്ന് നേർന്നതിന്റെ ഫലമായി അനുഗ്രഹം ലഭിച്ചതിന് നന്ദി പറയുന്നു.

**തങ്കമ്മ, ഏറ്റുമാനൂർ**

## സന്താനഭാഗ്യം ലഭിച്ചു



വിവാഹം കഴിഞ്ഞ് 4 വർഷമായിട്ടും മക്കളില്ലാതിരുന്ന ഞങ്ങൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി ഞങ്ങൾക്ക് ഒരു ആൺകുഞ്ഞിനെ നൽകി അനുഗ്രഹിച്ചതിന് നന്ദി പറയുന്നു.

**മെറിൻ വിപിൻ, പുത്തൻചന്ത**
**വാകത്താനം**

## താമസിക്കുവാൻ ഭവനം ലഭിച്ചു

താമസിക്കുന്നതിനായി ഒരു വാടകവീട് അന്വേഷിച്ച് വളരെ നടന്നിട്ടും ലഭിക്കാതെ അത്യധികം വിഷമിച്ച അവസരത്തിൽ ഞങ്ങൾ വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് താമസയോഗ്യമായ ഒരു വീട് ഞങ്ങൾക്ക് ലഭിക്കണമെയെന്ന് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ചതിന്റെ ഫലമായി വാടകകൊടുക്കാതെ തന്നെ റോഡ്സൈഡിൽ എല്ലാ സൗകര്യങ്ങളുമുള്ള ഒരു വീട് ഞങ്ങൾക്ക് താമസിക്കുവാനായി ലഭിച്ചു. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ ഞങ്ങൾക്ക് ലഭിച്ച ഈ വലിയ അനുഗ്രഹത്തിന് നന്ദി പറയുന്നു.

**പീറ്റർ കുര്യൻ, വടവാതൂർ**

## നേഴ്സിംങ്ങ് പരീക്ഷയിൽ ഉയർന്ന വിജയം



മുടങ്ങാതെ ശനിയാഴ്ചകളിലെ വിശുദ്ധകുർബാനയിലും ചാവറപിതാവിന്റെ നൊവേനയിലും സംബന്ധിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി ബി.എസ്.സി. നേഴ്സിംങ്ങ് പരീക്ഷയിൽ ഉയർന്ന വിജയം ലഭിച്ചതിന് നന്ദി പറയുന്നു.

**ചിഞ്ചു ജോയി, ആർപ്പൂക്കര.**

## മക്കളെ നൽകി അനുഗ്രഹിച്ചു

4 വർഷമായി മക്കളില്ലാതിരുന്ന ദമ്പതികൾക്ക് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ സഹായത്താൽ സന്താനഭാഗ്യം ലഭിച്ചതിന് നന്ദി പറയുന്നു.

**ഷീജ & കുര്യൻ, കൊല്ലം**

## OET പരീക്ഷയിൽ വിജയിച്ചു

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ച് OET പരീക്ഷയ്ക്ക് മുമ്പായി 9 ശനിയാഴ്ച വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിക്കുകയും സാധിക്കുന്ന ദിവസങ്ങളിലെല്ലാം വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് വിശുദ്ധ കുർബാനയിൽ സംബന്ധിച്ചതിന്റെയും ഫലമായി വിദേശത്ത് പോകുന്നതിനായി എഴുതിയ OET പരീക്ഷയിൽ ആദ്യചാൻസിൽതന്നെ എല്ലാത്തിനും B സ്കോർ നേടുന്നതിന് സാധിച്ചു. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ ലഭിച്ച അനുഗ്രഹത്തിന് നന്ദി പറയുന്നു.

**റോബിൻ & ജിൻസി, ഏറ്റുമാനൂർ**

## കുഞ്ഞുങ്ങളെ നല്കി അനുഗ്രഹിച്ചു



ഒരു ആൺകുഞ്ഞ് ജനിക്കുന്നതിനുവേണ്ടി വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് നൊവേനയിൽ സംബന്ധിച്ച് മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും കുഞ്ഞിന്റെ ഫോട്ടോസഹിതം സാക്ഷ്യപ്പെടുത്തിക്കൊള്ളാമെന്നും നേർന്നതിന്റെ ഫലമായി ഒരു ആൺകുഞ്ഞ് ജനിച്ചതിന് നന്ദി പറയുന്നു.

**സജിമോൻ മാത്യു, കുറുപ്പന്തറ**

## പി.ജി. പരീക്ഷയിൽ ഉന്നതവിജയം ലഭിച്ചു

ദിവസവും പഠിക്കുവാൻ തുടങ്ങുന്നതിന് മുൻപ് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചിരുന്നതിനാൽ എം.എസ്.സി. പരീക്ഷയിൽ ഉയർന്ന വിജയം ലഭിച്ചതിന് നന്ദി പറയുന്നു.

**അനു ആന്റണി, കോരുത്തോട്.**

## അത്ഭുതസൗഖ്യം



എന്റെ മകൾക്ക് തുടർച്ചയായി ഫിറ്റ്സ് ഉണ്ടാകുകയും ആശുപത്രിയിൽ അഡ്മിറ്റാകേണ്ടിയും വരുമായിരുന്നു. ഇതുമൂലം ഞങ്ങൾ വളരെയധികം വിഷമിച്ചു. മകളുടെ രോഗാവസ്ഥയിൽ നിന്ന് പൂർണ്ണസൗഖ്യം ലഭിക്കുകയാണെങ്കിൽ ഫോട്ടോ സഹിതം സാക്ഷ്യപ്പെടുത്തിക്കൊള്ളാമെന്ന് നേർന്ന് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ചതിന്റെ ഫലമായി രോഗത്തിൽ നിന്നും പൂർണ്ണസൗഖ്യം ലഭിച്ചു. പിന്നീട് ആ അസുഖം ഉണ്ടായിട്ടില്ല. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായത്തിന് നന്ദി പറയുന്നു.

**ലില്ലിക്കുട്ടി ടോമി, മുക്കൂട്ടുതറ**

## അനുഗ്രഹസാക്ഷ്യം



എന്റെ മകൻ സിറിളിന് 1 വയസ്സ് പ്രായമുള്ളപ്പോൾ പനി വന്നതിനെത്തുടർന്ന് അവന് ശരിയായി നടക്കുവാനും സംസാരിക്കുവാനും കഴിഞ്ഞിരുന്നില്ല. ഇക്കാരണത്താൽ വളരെ സങ്കടപ്പെട്ടിരുന്ന ഞങ്ങൾ കുട്ടിയ്ക്കുവേണ്ടി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം സ്ഥിരമായി പ്രാർത്ഥിച്ചതിന്റെ ഫലമായി 5 വയസ്സായപ്പോൾ കുട്ടി നടക്കുകയും സംസാരിക്കുകയും സ്വന്തം കാര്യങ്ങൾ സ്വയമായി ചെയ്യുവാനും തുടങ്ങിയത് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിലാണെന്ന് വിശ്വസിച്ച് നന്ദി പറയുന്നു. അനുഗ്രഹം സാക്ഷ്യപ്പെടുത്തുവാൻ താമസിച്ചതിന് വിശുദ്ധ ചാവറപിതാവിനോട് ക്ഷമ യാചിക്കുന്നു.

**ലില്ലിക്കുട്ടി സിറിയക്, അന്ത്യാളം**









# തിരുനാൾ കാഴ്ചകൾ







# വിശുദ്ധ ചാവറപിതാവിന്റെ സ്വർഗ്ഗപ്രാപ്തിയുടെ 150–ാം വാർഷിക ആചരണത്തിന്റെ ഉദ്ഘാടനം




വിശുദ്ധ ചാവറപിതാവിന്റെ സ്വർഗ്ഗപ്രാപ്തിയുടെ 150–ാം വാർഷിക ആചരണത്തിന്റെ ഉദ്ഘാടനം ജനുവരി 3 –ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് കെ.ഇ. സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് ബഹു. കേരള ഗവർണർ ശ്രീ ആരിഫ് മുഹമ്മദ് ഖാൻ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. വിശുദ്ധ ചാവറപിതാവിന്റെ സ്വർഗ്ഗപ്രാപ്തിയുടെ ജൂബിലി വർഷത്തിൽ ദളിത് സഹോദരങ്ങൾക്കായി സി.എം.ഐ. സി.എം.സി. സഭകൾ സംയുക്തമായി ഏർപ്പെടുത്തിയ ഭവനപദ്ധതിയുടെ ഉദ്ഘാടനവും ബഹു. ഗവർണർ നിർവഹിച്ചു. ശ്രീ. തോമസ് ചാഴികാടൻ എം.പി. അദ്ധ്യക്ഷതവഹിച്ച പൊതുസമ്മേളനത്തിൽ സി.എം.ഐ. പ്രിയോർ ജനറൽ റവ. ഫാ. പോൾ അച്ചാണ്ടി സ്വാഗതം ആശംസിച്ചു. ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം, അഭിവന്ദ്യപിതാവ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, അഡ്വ. സുരേഷ്കുറുപ്പ് എം.എൽ. എ., സി.എം.സി. മദർ ജനറൽ റവ. സി. സിബി. സി.എം.സി. എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

## തിരുനാൾ ദിനങ്ങളിൽ അഭിവന്ദ്യപിതാക്കന്മാർ, വൈദികർ വിശുദ്ധ ചാവറപിതാവിനെ അനുസ്മരിക്കുന്നു

### അനുദിന ജീവിതത്തിൽ ആത്മീയത നിറയ്ക്കാൻ ജനങ്ങളെ പഠിപ്പിച്ച വിശുദ്ധൻ വി. ചാവറപിതാവ്



**മാർ തോമസ് തറയിൽ**

ദൈവജനത്തിന്റെ സമയം ദൈവികചിന്തകളാൽ നിറഞ്ഞിരിക്കണമെന്ന വലിയ ഉൾക്കാഴ്ചയാൽ വിവിധ ഭക്താനുഷ്ഠാനങ്ങൾ ജനങ്ങളെ പഠിപ്പിച്ച മഹാത്മാവാണ് വിശുദ്ധ ചാവറപിതാവ്. അനുദിന ജീവിതത്തിൽ ആത്മീയത നിറയ്ക്കാൻ തന്റെ ചാവരുളിലൂടെ കുടുംബങ്ങളെ പഠിപ്പിച്ച വി. ചാവറപിതാവ് കുടുംബങ്ങളെ സന്തോഷത്തിലും സമാധാനത്തിലും നിലനിർത്തുവാൻ ആവശ്യമായ ഉപദേശസംഹിതയാണ് സമൂഹത്തിന് നൽകിയത്. മറ്റുള്ളവന്റെ ഉയർച്ചയിൽ അസൂയപ്പെടാത്ത നല്ല സൗഹൃദങ്ങൾ സൃഷ്ടിക്കുവാനും, മറ്റുള്ളവരുമായി സംഭാഷണത്തിൽ ഏർപ്പെടുന്നതിലൂടെ അവരെ ശ്രവിക്കുവാനും, മറ്റുള്ളവരുടെ കാര്യത്തിൽ അനാവശ്യമായി ഇടപെടാതെ അവരെ കരുതുവാനും വി. ചാവറപിതാവ് ഏവരേയും പഠിപ്പിച്ചു. പരസ്പരം തർക്കിച്ച് ജയിക്കാനല്ല മറ്റുള്ളവനെ ശ്രവിച്ച് അവരുമായി സംഭാഷണത്തിൽ ഏർപ്പെടണമെന്നും സഹോദരരെ കരുതുന്നവരായി മാറണമെന്നും വേലക്കാർക്ക് ന്യായമായ കൂലി കൊടുക്കണമെന്നും കുടുംബപ്രശ്നങ്ങളുടെ ഉത്തമ പ്രതിവിധിയായി കാലം തെളിയിച്ച ഒരു നല്ല അപ്പന്റെ ചാവരുളിലൂടെ വിശുദ്ധ ചാവറപിതാവ് കുടുംബങ്ങളെ ഉദ്ബോധിപ്പിച്ചു. യഥാർത്ഥമായ സമാധാനം സംജാതമാകുന്നതിന് പിതാവിന്റെ മാദ്ധ്യസ്ഥം നമ്മെ സഹായിക്കുമെന്നും അഭിവന്ദ്യപിതാവ് പറഞ്ഞു.

### യേശുവിന്റെ വചനവും മാതൃകയും ജീവിതത്തിൽ പകർത്തിയ വിശുദ്ധ ചാവറപിതാവ്



**മാർ ആന്റണി കരിയിൽ**

ദൈവവചനം ജീവിതത്തിൽ സ്വാംശീകരിച്ച് യാഥാർത്ഥ്യമാക്കി ആ ജീവിതം മറ്റുള്ളവരുമായി പങ്കുവച്ച വിശുദ്ധനാണ് ചാവറപിതാവ്. യേശുവിന്റെ വചനവും മാതൃകയും സ്വീകരിച്ച് ദൈവജനത്തിനായി ജീവിച്ച വിശുദ്ധ ചാവറപിതാവിന്റെ ജീവിതമാതൃക ഏവർക്കും പ്രചോദനവുമായിരുന്നു എന്ന് എറണാകുളം അങ്കമാലി അതിരൂപതയുടെ വികർ ആർച്ച് ബിഷപ്പ് മാർ ആന്റണി കരിയിൽ പറഞ്ഞു.

### വിശുദ്ധ ചാവറപിതാവിന്റേത് അത്ഭുതാദരങ്ങളോടെ നോക്കിക്കാണേണ്ട ജീവിതം



**അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത**

അത്ഭുതാദരങ്ങളോടെ മാത്രമേ വിശുദ്ധ ചാവറപിതാവിന്റെ ജീവിതചരിത്രം നമുക്ക് വായിച്ച് തീർക്കാനാകു എന്ന് തിരുവല്ല അതിരൂപതയുടെ മെത്രാപ്പോലീത്താ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പറഞ്ഞു. ശ്രദ്ധിക്കപ്പെട്ട ജീവിതം നയിച്ച, സമൂഹത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത തരത്തിൽ സഭയേയും സമൂഹത്തേയും വളർത്തിയെടുത്ത കർമ്മെലീത്താ സന്യാസിയായിരുന്നു വിശുദ്ധ ചാവറപിതാവ്. വിശുദ്ധ ചാവറപിതാവ് കൈവയ്ക്കാത്ത മേഖലകളില്ല. സാമൂഹ്യ, സാംസ്കാരിക, വിദ്യാഭ്യാസ, ആതുരമേഖലകളിലെല്ലാം വിശുദ്ധ ചാവറപിതാവ് എക്കാലത്തും സ്മരിക്കപ്പെടുന്ന സംഭാവനകൾ നൽകിയാണ് തന്റെ അറുപത്തിയാറ് വർഷം മാത്രം നീണ്ട ജീവിതം കടന്നുപോയത്. സി.എം.ഐ. സഭ ഇന്ന് ലോകമെങ്ങും വളർന്ന് പന്തലിച്ചിട്ടുണ്ടെങ്കിൽ അതിനെ വളർത്തിയതുകൊണ്ടാണെന്ന് അഭിവന്ദ്യപിതാവ് പറഞ്ഞു. ഒരു നല്ല സുവിശേഷകനായി, നയതന്ത്രജ്ഞനായി, സാമൂഹ്യപ്രവർത്തനങ്ങളിൽ ചടുലമായ നേതൃത്വം നൽകിയ സമൂഹ്യ പ്രവർത്തകനായിരുന്നു വിശുദ്ധ ചാവറപിതാവ്. ഇങ്ങനെ മറ്റുള്ളവരെ വളർത്തിയെടുക്കുന്ന പൈതൃകമായിരിക്കണം ഓരോരുത്തർക്കും ഉണ്ടാകേണ്ടത്. ഋജുവും ലഘുവുമായ കൂട്ടായ്മകളേയും നാം വളർത്തിയെടുക്കണം. ഇതിന് വിശുദ്ധ ചാവറപിതാവിന്റെ മാതൃക സ്വീകരിക്കണമെന്നും അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പറഞ്ഞു.

### വിശുദ്ധ ചാവറപിതാവിന്റെ ജീവിതം പരന്നൊഴുകിയ സുഗന്ധതൈലത്തിന് സമാനം



**അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ**

വിശുദ്ധ ചാവറപിതാവിന്റെ ജീവിതം പരന്നൊഴുകിയ സുഗന്ധതൈലത്തിന് സമാനമാണെന്ന് മാർ റാഫേൽ തട്ടിൽ പറഞ്ഞു. സമൂഹത്തിനും സഭയ്ക്കും നൽകിയ സംഭാവനകളാകുന്ന സുഗന്ധതൈലത്താൽ സംപൂരിതമായിരുന്നു വിശുദ്ധ ചാവറപിതാവിന്റെ ജീവിതം. ആ സുഗന്ധതൈലംകൊണ്ട് സുരഭിലമാണ് വിശുദ്ധിയുടെ നിറകുടമായ മാന്നാനം കുന്ന്. സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന കൃപയുടെ നീരുറവകൾ ഈ കബറിടത്തിൽ നിന്നും പുറപ്പെടുന്നതുകൊണ്ടാണ് അനുദിനവും നിരവധി വിശ്വാസികൾ ഈ കബറിടം തേടിയെത്തുന്നത്. ദൈവത്തെ ഏറ്റവും വലിയ സമ്പത്തായും ദൈവമല്ലാതെ മറ്റൊരു സമ്പാദ്യവുമില്ല എന്നും കരുതി ജീവിച്ച വിശുദ്ധനാണ് ചാവറപിതാവ് എന്ന് ഷംഷാബാദ് രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പറഞ്ഞു.

### വിശുദ്ധ ചാവറപിതാവിന്റെ ജീവിതം വിശ്വാസത്തിന്റെ സജീവസാന്നിദ്ധ്യമായിരുന്നു



**അഭിവന്ദ്യ മാർ ജോസ് പുളിയ്ക്കൽ**

വിശ്വാസത്തിന്റെ സജീവസാന്നിദ്ധ്യമായിരുന്നു വിശുദ്ധ ചാവറപിതാവിന്റെ ജീവിതമെന്ന് കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസ് പുളിയ്ക്കൽ പറഞ്ഞു. കുടുംബങ്ങളുടെ വിശുദ്ധീകരണവും സഭയുടെ ആദ്ധ്യാത്മികവളർച്ചയും വിശുദ്ധ ചാവറപിതാവിന്റെ ലക്ഷ്യമായിരുന്നു. കുടുംബങ്ങളുടെ നവീകരണത്തിനായി യത്നിച്ച വിശുദ്ധ ചാവറപിതാവിനെ അതിനാൽ തന്നെ കുടുംബങ്ങളുടെ മദ്ധ്യസ്ഥനായി വണങ്ങുന്നു എന്ന് അഭിവന്ദ്യപിതാവ് പറഞ്ഞു.

### തിരുക്കർമ്മങ്ങളിലൂടെ ഹൃദയത്തിൽ ദൈവം നിറഞ്ഞുനിൽക്കുന്ന അനുഭവം



**മോൺ. സെബാസ്റ്റ്യൻ പൂവത്തിങ്കൽ**

ഹൃദയത്തിൽ ദൈവം നിറഞ്ഞുനിൽക്കുന്ന, സ്വർഗ്ഗം നിറഞ്ഞുനിൽക്കുന്ന അനുഭവം തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുന്നതിലൂടെ നാം നേടിയെടുക്കണം. ഒരു വിശ്വാസിയായി ജീവിക്കുവാൻ സാധിക്കുന്നത് ഭാഗ്യമായി കരുതേണ്ടവരാണ് നമ്മൾ എന്ന് മോൺ. സെബാസ്റ്റ്യൻ പൂവത്തിങ്കൽ പറഞ്ഞു. വചനത്തെ കണ്ണുതുറന്ന് കാണുവാനും. ദൈവസ്നേഹം അനുഭവിച്ചറിയുവാനും നാം പരിശ്രമിക്കണം. ക്രിസ്തുവായിരിക്കണം നാമോരോരുത്തരുടെയും സമ്പത്ത്. ദൈവം തരുന്ന അനുഭവങ്ങളാണ് ജീവിതത്തിൽ നമ്മെ അനുദിനം മുന്നോട്ട് നയിക്കേണ്ടത്.

### ആദ്ധ്യാത്മിക പ്രവർത്തനങ്ങളോടൊപ്പം സാമൂഹ്യപ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിയ ചാവറപിതാവ്



**ഫാ. ജെയിംസ് മുല്ലശ്ശേരി**

ആദ്ധ്യാത്മിക പ്രവർത്തനങ്ങളോടൊപ്പം സമൂഹ്യപ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിയ പുണ്യപുരുഷനാണ് വിശുദ്ധ ചാവറപിതാവ്. ചാവറപിതാവ് വിദ്യാഭ്യാസത്തിന് നൽകിയ പ്രാധാന്യവും അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളുമാണ് കേരളം ഇന്ന് കൈവരിച്ചിരിക്കുന്ന വിദ്യാഭ്യാസപുരോഗതിക്ക് നിദാനം. ചാവറപിതാവിന്റെ പ്രവർത്തനങ്ങളുടെ ചുവടുപിടിച്ചാണ് കേരളത്തിലെ നവോത്ഥാനപ്രവർത്തനങ്ങൾ മുന്നേറിയതെന്ന് തന്നെ പറയാം. സവർണ്ണരെന്നും അവർണ്ണരെന്നും ജനങ്ങളെ മുദ്രകുത്തി വേർതിരിച്ച് വിദ്യാഭ്യാസത്തിൽ നിന്നുംഅകറ്റിനിർത്തിയ ഒരു കാലത്ത് എല്ലാ വിഭാഗം ജനങ്ങളെയും ഒരുമിച്ച് നിർത്തി വിദ്യാഭ്യാസം നൽകുവാൻ വിശുദ്ധ ചാവറപിതാവിന് കഴിഞ്ഞു. യാതൊരു സാധ്യതകളുമില്ലാതിരുന്ന ഒരു കാലത്ത് മാന്നാനംകുന്നിൽ ഒരു അച്ചുകൂടം സ്ഥാപിച്ചതു വഴി വലിയ സാമൂഹ്യവിപ്ലവത്തിനാണ് വിശുദ്ധ ചാവറപിതാവ് വിത്തുപാകിയത്. സ്ത്രീശാക്തീകരണം എന്ന വാക്ക് കേട്ടുകേഴ്‌വി പോലുമില്ലാതിരുന്ന ഒരു കാലത്ത് സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി സന്യാസസഭ സ്ഥാപിച്ച് സ്ത്രീശാക്തീകരണത്തിന് വിശുദ്ധ ചാവറപിതാവ് തുടക്കംകുറിച്ചു.

## ചാവറസന്നിധിയിലേക്ക് വിശ്വാസികളുടെ തീർത്ഥാടനങ്ങൾ

ഡിസംബർ 26–ാം തീയതി തിരുനാളിന്റെ ആരംഭദിനത്തിൽ കൈനകരി ചാവറഭവനിൽ നിന്നുമാരംഭിച്ച ജൂബിലി വിളംബരപ്രഘോഷണറാലിയിൽ മാന്നാനത്തും കൈനകരിയിലുമുള്ള വിശ്വാസികൾ പങ്കെടുത്തു. വിശുദ്ധ ചാവറപിതാവിന്റെ സ്വർഗ്ഗപ്രവേശനത്തിന്റെ ശതോത്തരസുവർണ്ണജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിക്കുന്ന തിരുനാളിന്റെ വിളംബരറാലിയായിരുന്നു അത്.

ഡിസംബർ 28–ാം തീയതി നാല്പാത്തിമല സെന്റ് തോമസ് പള്ളിയിൽ നിന്നുമുള്ള തീർത്ഥാടകർ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിലെത്തി വിശുദ്ധകുർബാന അർപ്പിച്ചു.

കുടുംബദിനമായി ആചരിച്ച ഡിസംബർ 28–ാം തീയതി കുടമാളൂർ ഫൊറോനയിലെ മാതൃ-പിതൃവേദി അംഗങ്ങൾ പങ്കെടുത്ത തീർത്ഥാടനം കബറിടത്തിൽ എത്തി വിശുദ്ധ കുർബാനയിൽ സംബന്ധിച്ചു.

ഡിസംബർ 29–ാം തീയതി ചങ്ങനാശ്ശേരി അതിരൂപതയിലെ യുവജന കൂട്ടായ്മയായ SMYM അംഗങ്ങൾ പങ്കെടുത്ത തീർത്ഥാടനം ബഹു. ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്തറ അച്ചന്റെ നേതൃത്വത്തിൽ കബറിടത്തിൽ എത്തി വിശുദ്ധ കുർബാന അർപ്പിച്ചു.

ജനുവരി 4–ാം തീയതി കോട്ടയം സെന്റ് ജോസഫ്സ് പ്രോവിൻസിലെ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്ത തീർത്ഥാടനം വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിലെത്തി വിശുദ്ധ കുർബാന അർപ്പിച്ചു.

## സന്യസ്തസംഗമം

സ്ത്രീസമൂഹത്തെ ആത്മീയവത്ക്കരിക്കാനും, വിദ്യാഭ്യാസവും തൊഴിലും നൽകി വളർത്താനും വിശുദ്ധ ചാവറപിതാവ് ശ്രമിച്ചു. ഇതിനാശി തന്റെ ആത്മീയഗുരുവായിരുന്ന ലെയോപ്പോൾദ് മിഷനറിയുമായി ചേർന്ന് സ്ത്രീകൾക്കായി ഒരു സന്യാസസഭ സി. എം. സി. (കോൺഗ്രിഗേഷൻ ഓഫ് മദർ ഓഫ് കാർമ്മൽ) ആരംഭിച്ചു. സ്ത്രീ ശാക്തീകരണത്തിന്റെ മുന്നോടിയായിട്ടാണ് ചാവറച്ചൻ കൂനമ്മാവിൽ സന്യാസിനിസഭ ആരംഭിച്ചത്. സ്ത്രീകളുടെ അവശതകൾ തീർക്കാൻ സ്ത്രീകളിൽ നിന്നു തന്നെ ഒരു സമൂഹം ഉണ്ടാകുന്നതാണ് നല്ലതെന്ന് ചാവറയച്ചൻ മനസ്സിലാക്കി. കന്യകാലയ സ്ഥാപനം വഴി സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകുക മാത്രമല്ല ചാവറയച്ചൻ ചെയ്തത്, അവരെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതിനായി വിവിധതരം കൈത്തൊഴിലുകളും ചാവറയച്ചൻ അഭ്യസിപ്പിച്ചു. സ്ഥാപകപിതാവിനെ അനുസ്മരിച്ച് ജനുവരി 2–ാം തീയതി ഇൻഡ്യയിലാകമാനമുള്ള സി.എം.സി. പ്രോവിൻസുകളിൽ നിന്നുമുള്ള സന്യസ്തസഹോദരികൾ പങ്കെടുത്ത സന്യസ്തസംഗമം നടന്നു. സമീപപ്രദേശങ്ങളിലെ മറ്റ് സഭകളിൽപെട്ട സിസ്റ്റേഴ്സിനെയും സന്യസ്തസംഗമത്തിന് ക്ഷണിച്ചിരുന്നു. രാവിലെ 11 മണിക്ക് വി.കുർബാനയും മദ്ധ്യസ്ഥപ്രാർത്ഥനയും തുടർന്ന് ദിവ്യകാരുണ്യ ആരാധനയും ഉണ്ടായിരുന്നു. സ്വപിതാവിന്റെ സമീപം ഒരു ദിനം പ്രാർത്ഥനയിൽ ചെലവഴിക്കാൻ കിട്ടിയ സന്ദർഭത്തിന് ഏവരും ദൈവത്തിന് നന്ദി പറഞ്ഞു.

## രോഗശാന്തി ശുശ്രൂഷ

ഒരു സന്യാസിയുടെ ജീവിതം ആശ്രമത്തിന്റെ നാല് ചുവരുകൾക്കുള്ളിൽ ഏരിഞ്ഞു തീരേണ്ടതല്ലെന്നും അത് സഹജീവികളുടെ ഉന്നമനത്തിനായി സമർപ്പിക്കപ്പെട്ടിട്ടുള്ളതുമാണെന്ന് മനസ്സിലാക്കി പ്രവർത്തിച്ച ചാവറയച്ചൻ തന്റെ കഴിവുകളും ജീവിതം തന്നെയും മറ്റുള്ളവർക്കായി നീക്കിവച്ച മഹത്‌വ്യക്തിയായിരുന്നു . ദൈവസ്നേഹത്തിലും പരസ്നേഹത്തിലും അധിഷ്ഠിതമായിരുന്നു ചാവറയച്ചന്റെ പ്രവർത്തനങ്ങൾ. ഇൻഡ്യയിൽ അഗതി മന്ദിരങ്ങൾ കേട്ടുകേഴ്‌വിപോലും ഇല്ലാതിരുന്ന കാലത്ത് ചാവറയച്ചൻ പാവപ്പെട്ടവരെയും വൃദ്ധജനങ്ങളെയും രോഗികളെയും ഉപേക്ഷിക്കപ്പെട്ടവരേയും സംരക്ഷിക്കുന്നതിനായി ഒരു അഗതി മന്ദിരം കൈനകരിയിൽ സ്ഥാപിച്ചു. അനാഥരെയും രോഗികളെയും അംഗവൈകല്യമുള്ളവരെയും ശുശ്രൂഷിക്കുമ്പോൾ കർത്താവിനെത്തന്നെയാണ് പരിചരിക്കുന്നതെന്നുള്ള ഉത്തമബോധ്യമാണ് ഇങ്ങനെയൊരു കാര്യത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഇങ്ങനെ പിൻതലമുറയ്ക്ക് അനുകരണാർഹമായ ഒരു ശുശ്രൂഷാരംഗത്തിന് വേദിയൊരുക്കിയ വിശുദ്ധ ചാവറപിതാവിന്റെ തിരുനാൾ ദിനത്തിൽ ഒരു ദിവസം രോഗികൾക്കുള്ള പ്രത്യേകപ്രാർത്ഥനാദിനമായി ആചരിച്ചു. ഡിസംബർ 27 ന് നടന്ന രോഗശാന്തി ശുശ്രൂഷയിൽ മോൺ. സെബാസ്റ്റ്യൻ പൂവത്തിങ്കൽ കാർമ്മികത്വം വഹിച്ചു. നൂറുകണക്കിന് വിശ്വാസികൾ രോഗശാന്തിശുശ്രൂഷയിൽ സംബന്ധിച്ചു.

Published by : St. Kuriakose Elias Chavara Pilgrim Centre, Mannanam, Design & Production : Wild Thoughts, Kottayam 0481-2566959